പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6309

**20.11.2019** -ലെ മറുപടിയ്ക്ക്

**ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഉണ്ട്. ബീഡിയുടെ ഉപഭോഗത്തിലുണ്ടായ ഗണ്യമായ ഇടിവ്, പുകവലി നിരോധിച്ചു കൊണ്ടുള്ള ബഹു. സുപ്രീം കോടതി ഉത്തരവുകൾ, പുകവലിക്കെതിരായ സംഘടിതമായ ബോധവത്കരണം എന്നിവ സംസ്ഥാനത്തെ ബീഡി വ്യവസായ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ ബീഡി/ചുരുട്ട് തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ ബീഡി തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1) ബ്രോയിലർ ചിക്കൻ ഫാം, 2) മിനി പൗൾട്രി ഫാം, 3) മിനി ക്വായിൽ ഫാം ( കാടക്കോഴി വളർത്തൽ) 4) മിനി ഡയറി ഫാം 5) മിനി ഗോട്ട് ഫാം 6) റെഡിമെയ്ഡ് ഗാർമെന്റ്സ് & ടെയിലറിംഗ് യൂണിറ്റ് 7) ഫാൻസി ഷോപ്പ് 8) മൊബൈൽ ഫോൺ അക്സസ്സറീസ് & റീചാർജ്ജ് ,9) മൊബൈൽ ടീ ഷോപ്പ്, 10) ബ്യൂട്ടി പാർലർ, 11) ഹൗസ് ഹോൾഡ് ഫുഡ് പ്രോസസിംഗ് യൂണിറ്റ്, 12) വെൽഡിംഗ് യൂണിറ്റ്.<br>കൂടാതെ തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടി കോളേജ് തലത്തിൽ ലാപ് ടോപ്പും സ്കൂൾ തലത്തിൽ സൈക്കിൾ, അംഗപരിമിതിയുള്ള സ്കൂൾകുട്ടികൾക്ക് ട്രൈ സൈക്കിൾ എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത്; ഇതിലൂടെ ഇതിനകം എത്ര തൊഴിലാളികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ കഴിഞ്ഞു; വ്യക്തമാക്കാമോ? | സി) മേൽപറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നതിനായി സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ കോളേജ് തലത്തിലുള്ള കുട്ടികൾക്ക് ലാപ് ടോപ്പ്, സ്കൂൾ കുട്ടികൾക്ക് സൈക്കിൾ, അംഗപരിമിതിയുള്ള സ്കൂൾ കുട്ടികൾക്ക് ട്രൈ സൈക്കിൾ, എന്നിവ തികച്ചും സൗജന്യമായാണ് നൽകുന്നത്. മറ്റു 12 പദ്ധതികളിൽ 80% സർക്കാർ ഗ്രാന്റും 20% ഗുണഭോക്താക്കളും വഹിക്കണം. ഈ 12 പദ്ധതികൾക്കും പരിശീലനം നൽകും. മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ പരിശീലനം 460 പേർക്ക് ഇതിനകം നൽകി കഴിഞ്ഞു. പദ്ധതിയുടെ തുടർ പ്രവർത്തനം നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**